<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 383</u> <u>10/06/2014-ൽ മറുപടിക്ക്</u>

# <u>ചാത്തൻകോട്ടുനട മിനി ജലവൈദ്യുതി പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചാത്തൻകോട്ടുനട മിനി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള എത്ര മീറ്റർ റോഡിലാണ് കെ.എസ്.ഇ.ബി. നവീകരണ പ്രവൃത്തികൾ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) ചാത്തൻകോട്ടനട മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണാവശ്യത്തിനായി കാവിലുംപാറ ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി-ക്ക് വിട്ടുതന്ന 1060 മീറ്റർ നീളം വരുന്ന റോഡിലാണ് അറ്റകുറ്റപ്പണികൾ നടത്തുവാൻ ഉദ്ദേശിച്ചിരുന്നത്. |
| (ബി) പ്രസ്തുത റോഡിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത റോഡിൽ രണ്ട് ലെയർ മെറ്റലിംഗ് നടത്താനും അതിന് മുകളിൽ ഉപരിതല ടാറിംഗ് (chipping carpet) നടത്താനുമായി 11,64,729/- അടങ്കൽ തുകയാണ് തയ്യാറാക്കിയിരുന്നത്. |
| (സി) പ്രസ്തുത പ്രവൃത്തികളിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ആയതിന് എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ? | (സി) മേൽപ്പറഞ്ഞ പ്രവൃത്തികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. ഇതിനായി രണ്ടു പ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും ദർഘാസ് സമർപ്പിക്കുവാൻ ആരും തയ്യാറാകാത്ത സാഹചര്യത്തിൽ റോഡ് പഞ്ചായത്തിന് തിരികെ ഏൽപ്പിക്കാനും ഇതിലേക്ക് വകയിരുത്തിയ തുകയായ 11,64,729/- രൂപ പഞ്ചായത്തിനു കൈമാറാനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ